**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2951** **25-06-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ കെ.ഐ.പി. കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ നിർവ്വഹണ ചുമതലയിൽ എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട്, പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ച് എത്ര പ്രവൃത്തികൾ നടന്നുവരുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ; | (എ) | ചാത്തന്നൂർ മണ്ഡലത്തിൽ എം.എൽ.എ ആസ്തിവികസന ഫണ്ട് / പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ച് നടന്നുവരുന്നതും ശിപാർശ ചെയ്തിട്ടുള്ളതുമായ 4 പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (ബി) | ചാത്തന്നൂർ മണ്ഡലത്തിൽ എം.എൽ.എ ആസ്തിവികസന ഫണ്ട് / പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ച് നടന്നുവരുന്നതും ശിപാർശ ചെയ്തിട്ടുള്ളതുമായ 4 പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികളിൽ ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികളും പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 0 മീറ്റർ മുതൽ 23000 വരെയും ചെയിനേജ് 23000 മീറ്റർ മുതൽ 32330 മീറ്റർ വരെയുള്ള പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചു. 2023-24 വർഷത്തിലെ ജലവിതരണവുമായി ബന്ധപ്പെട്ട് ലിഫ്റ്റ് ഇറിഗേഷൻ സ്കീം പ്രവൃത്തിപ്പിക്കുകയും 23000 മീറ്റർ മുതൽ 26000 മീറ്റർ വരെ ജലവിതരണവും നടത്തുകയും ചെയ്തിരുന്നു. കാക്കാച്ചിമുക്ക്, പോളച്ചിറ റോഡിലെ വെൽസൈഫണിൽ കാണപ്പെട്ട ലീക്ക്മൂലം മുന്നോട്ട് ജലവിതരണം തുടരുവാൻ സാധിച്ചില്ല. കനാൽ സ്ട്രച്ചറുകളിലെ ലീക്കുകൾ പരിഹരിച്ച് വരും വർഷത്തിൽ ജലവിതരണം നടത്തുന്നതിന് സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | പ്രവൃത്തിയുടെ പേര് | തുക | നിലവിലെ പുരോഗതി |
|---|---|---|---|
| | എം.എൽ.എആസ്തി വികസന ഫണ്ട് | | |
| 1. | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ കുളത്തൂർകോണം വാർഡിൽകുളത്തൂർകോണം - മുടക്കള ക്ഷേത്രംകൾവർട്ട്, റോഡ് നിർമ്മാണം | 20 ലക്ഷം | ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു |
| 2. | ചാത്തന്നൂർ ഗ്രാമപഞ്ചായത്തിലെ വരിഞ്ഞം വാർഡിൽ കനാൽവശങ്ങളിലെ കൈവരി നിർമ്മാണവും, ചിറക്കര ഗ്രാമപഞ്ചായത്തിലെ കുഴപ്പിൽ വാർഡിൽ കനാലിനു കുറുകെ നടപ്പാലം നിർമ്മാണവും | 15 ലക്ഷം | എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു |
| 3. | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ ചിറക്കര മാർക്കറ്റിനു സമീപം കെ.ഐ.പി കനാൽ ബണ്ട് റോഡ് നിർമ്മാണം | 10 ലക്ഷം | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| 4. | ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ സ്കീം, പരവൂർ ഡിസ്ട്രിബ്യൂട്ടറി എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികളും, പുതക്കുളം, കോട്ടപ്പുറം ഡിസ്ട്രിബ്യൂട്ടറിയുടെ പൂർത്തീകരണവും | 13.7 കോടി | ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികളും പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 0 മീറ്റർ മുതൽ 32330 മീറ്റർ വരെയുമുള്ള പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചു. അനുവദിച്ച ബാക്കി തുകയ്ക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നം | പ്രവൃത്തിയുടെ പേര് | തുക | നിലവിലെ പുരോഗതി |
|---|---|---|---|
| | എം.എൽ.എആസ്തി വികസന ഫണ്ട് | | |
| 1. | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ കുളത്തൂർകോണം വാർഡിൽകുളത്തൂർകോണം - മൂടക്കള ക്ഷേത്രംകൾവർട്ട്, റോഡ് നിർമ്മാണം | 20 ലക്ഷം | ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു |
| 2. | ചാത്തന്നൂർ ഗ്രാമപഞ്ചായത്തിലെ വരിഞ്ഞം വാർഡിൽ കനാൽവശങ്ങളിലെ കൈവരി നിർമ്മാണവും, ചിറക്കര ഗ്രാമപഞ്ചായത്തിലെ കുഴപ്പിൽ വാർഡിൽ കനാലിനു കുറുകെ നടപ്പാലം നിർമ്മാണവും | 15 ലക്ഷം | എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു |
| 3. | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ ചിറക്കര മാർക്കറ്റിനു സമീപം കെ.ഐ.പി കനാൽ ബണ്ട് റോഡ് നിർമ്മാണം | 10 ലക്ഷം | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| 4. | ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ സ്കീം, പരവൂർ ഡിസ്ട്രിബ്യൂട്ടറി എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികളും, പുതുക്കളും, കോട്ടപ്പുറം ഡിസ്ട്രിബ്യൂട്ടറിയുടെ പൂർത്തീകരണവും | 13.7 കോടി | ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികളും പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 0 മീറ്റർ മുതൽ 32330 മീറ്റർ വരെയുമുള്ള പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചു. അനുവദിച്ച ബാക്കി തുകയ്ക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**